ജലനിധി :

നമ്പർ	പദ്ധതി	വകയിരുത്തിയത്	ചെലവഴിച്ചത്
		രൂപ ലക്ഷത്തിൽ	
1	കുടിവെള്ള പദ്ധതികൾ	1331.03	490.52
2	സാനിട്ടേഷൻ	28.27	1.61
3	ഭൂജല പരിരക്ഷണം	17.53	6.00
4	ബോധവൽക്കരണ പരിപാടികൾ	3.00	2.79
5	പരിശീലന പരിപാടികൾ	8.40	7.19
6	ഗ്രാമപഞ്ചായത്ത് ശാക്തീകരണം	16.12	11.56
	ആകെ	1404.35	519.67

(സി) ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾക്ക് അനുബന്ധം കാണുക.

പദ്ധതി വിഭാഗം I :

കനാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 138 കോടി രൂപ വകയിരുത്തേണ്ടതുണ്ട്.

ജലനിധി :

തെരഞ്ഞെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 884.68 ലക്ഷം രൂപ സാങ്കേതികാനുമതി പ്രകാരം വകയിരുത്തിയിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

139(839) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പരിപാടികളുടെ വിശദാംശം നൽകുമോ; ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;

---

* ചൈക്കുറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ് :

പടയമംഗലം നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

ഭൂജല വകുപ്പ് :

പടയമംഗലം നിയോജക മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി :

കേരള ജല അതോറിറ്റി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.* വരൾച്ചാ ദുരിതാശ്വാസം, എൽ.എ.സി.എ.ഡി.എഫ്., 29 ആർ.ഡബ്ല്യു.എസ്.എസ്. എന്നിവയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ, പമ്പ് സെറ്റ് സ്ഥാപിക്കൽ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ കാലയളവിൽ 6,03,88,367 രൂപ ചെലവായിട്ടുണ്ട്. കളത്തുപ്പുഴയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും ആകെ 1,815 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 513.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-ൽ ഭരണാനുമതി ലഭിച്ച കളത്തുപ്പുഴയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1,492.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ജലസേചന വകുപ്പ്

പടയമംഗലം നിയോജക മണ്ഡലത്തിൽ പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

മറ്റ് ഉപവകുപ്പുകളുമായി ബന്ധപ്പെട്ട് പുതുതായി പദ്ധതികളൊന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly